**File No.FWLD-B2/221/2019-FWLD**

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

അച്ചൻകോവിൽ ഡിവിഷനിലെ അച്ചൻകോവിൽ റെയിഞ്ചിൽ 12/03/2019– ന് നടന്ന 33044/2018-19 നമ്പർ ഇ-ലേലം- ബാക്കി തുക ഒടുക്കി തടി നീക്കം ചെയ്യുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കാലാവധി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.192/2020/വനം** തീയതി,തിരുവനന്തപുരം, 24/08/2020

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19/11/2019, 17/3/2020 എന്നീ തീയതികളിലെ പ്രൊ(4)-92488/2019 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചൻകോവിൽ ഡിവിഷനിലെ അച്ചൻകോവിൽ റെയിഞ്ചിൽ 12/03/2019-ന് നടന്ന 33044/2018-19 നമ്പർ ഇ-ലേലം കൊണ്ട ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, നിരതദ്രവ്യമായി 20,000/- രൂപ ഒടുക്കിയെങ്കിലും ലേലവ്യവസ്ഥകൾ പ്രകാരം നിശ്ചിതസമയത്തിനുള്ളിൽ ഉൽപന്നങ്ങളുടെ ബാക്കി വിലയും അനുബന്ധനികുതികളും സർക്കാരിലടച്ച് അനുവദനീയമായ പരമാവധി കാലയളവിനുള്ളിൽ തടി നീക്കം ചെയ്യുന്നതിൽ ബോധപൂർവ്വമല്ലാത്ത വീഴ്ച വരുത്തിയതായും, എന്നാൽ ടി സ്ഥാപനത്തിന് വനം വകുപ്പിന്റെ ഇ-ലേലങ്ങളിൽ പങ്കെടുത്ത് പരിചയമില്ല എന്ന വസ്തുത പരിഗണിച്ചും, ഈ വിഷയത്തിൽ സർക്കാർ ഖജനാവിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിക്കാത്ത വിധത്തിൽ വിലയും, നികുതികളും അടച്ച് ടി ഉല്പന്നങ്ങൾ നീക്കം ചെയ്യുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അനുവാദം നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പരാമർശം പ്രകാരം, ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ, പരാമർശ പ്രകാരമുള്ള, ശിപാർശയുടെ അടിസ്ഥാനത്തിൽ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് വനംവകുപ്പിന്റെ ഇ-ലേലങ്ങളിൽ പങ്കെടുത്ത് പരിചയമില്ല എന്ന വസ്തുതയുടെ വെളിച്ചത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഇ-ലേല വ്യവസ്ഥകളിലെ 14(b), 15(a) എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ടും, ഒടുക്കേണ്ട മുഴുവൻ തുകയും, നികുതികളും തറവാടകയും, പിഴപലിശയും ഈടാക്കി, അച്ചൻകോവിൽ ഡിവിഷനിലെ അച്ചൻകോവിൽ റെയിഞ്ചിൽ 12/03/2019-ന് 33044/2018-19 നമ്പർ ഇ-ലേലം കൊണ്ട ലോട്ടുകൾ നീക്കം ചെയ്യുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് അനുമതി നൽകിക്കൊണ്ടും, ആയതിന് ഈ ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINOD K
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്) , ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PADMINI K S
Date: 2020.08.25 11:21:49 IST
Reason: Approved
സെക്ഷൻ ഓഫീസർ